നമ്പർ.എ2-1280/24/കെ.എസ്.ആർ.ഇ.സി.
21.11.2024

**ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്**

കെ.എസ്.ആർ.ഇ.സി.യുടെ 2024-25 വാർഷിക പദ്ധതിയുടെ നിർവ്വഹണത്തിനായി പ്രോജക്ട് സയന്റിസ്റ്റ്, പ്രോഗ്രാമർ വിഭാഗങ്ങളിൽ ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തെരഞ്ഞെടുക്കുന്നതിനായി 2024 ഡിസംബർ 09 ന് പ്രോജക്ട് സയന്റിസ്റ്റ് തസ്തികയിലേയ്ക്ക് എഴുത്തു പരീക്ഷയും ഇന്റർവ്യൂം 10 ന് പ്രോഗ്രാമർ തസ്തികയിലേയ്ക്ക് പ്രായോഗിക പരീക്ഷയും ഇന്റർവ്യൂം നടത്തുവാൻ തീരുമാനിച്ചിട്ടുള്ള താകുന്നു.

G.O.(Rt)No.127/2024/P&EA നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രോജക്ട് സയന്റിസ്റ്റ് (സ്പേസ് ടെക്നോളജി), പ്രോജക്ട് സയന്റിസ്റ്റ് (എർത്ത് സയൻസ്) പ്രോഗ്രാമർ എന്നീ തസ്തികകളുടെ അടിസ്ഥാന യോഗ്യത ചുവടെ ചേർക്കുന്നു.

**പ്രോജക്ട് സയന്റിസ്റ്റ് (സ്പേസ് ടെക്നോളജി),**

First Class Post Graduation in Geoinformatics / Remote Sensing / GIS/ Geomatics / Geospatial Technology യും Minimum 2 വർഷത്തെ റിമോട്ട് സെൻസിംഗ് & ജി.ഐ.എസ് പ്രോജക്ടിൽ ഉള്ള പ്രവൃത്തി പരിചയവുമാണ്.

**പ്രോജക്ട് സയന്റിസ്റ്റ് (എർത്ത് സയൻസ്)**

First Class Post Graduation in Earth Science /Geology/ Geography / Geophysics ഉം Minimum 2 വർഷത്തെ റിമോട്ട് സെൻസിംഗ് & ജി.ഐ.എസ് പ്രോജക്ടിൽ ഉള്ള പ്രവൃത്തി പരിചയവുമാണ്.

**പ്രോഗ്രാമർ**

MSc Computer Science / MCA/ BE or B.Tech Computer Science / IT യും Minimum 2 years work experience in Web & Mobile Application ആകുന്നു.

മേൽപ്പറഞ്ഞ യോഗ്യത ഉണ്ടെങ്കിൽ മാത്രമേ കെ.എസ്.ആർ.ഇ.സി. നടത്തുന്ന ടെസ്റ്റിനും തുടർന്ന് നടക്കുന്ന ഇന്റർവ്യൂവിനും പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.

**പ്രസ്തുത യോഗ്യതയില്ലാത്തവർ ഹാജരാകുന്ന പക്ഷം രജി സ്ട്രേഷനും സർട്ടിഫിക്കറ്റ് പരിശോധനയും നടത്തുന്ന വേളയിൽ തന്നെ അയോഗ്യത രേഖപ്പെടുത്തി ഒഴിവാക്കപ്പെടുന്നതായിരിക്കും.**

**തിരുവനന്തപുരം വികാസ് ഭവനിലെ കെ.എസ്.ആർ.ഇ.സി. ഓഫീസിൽ വെച്ച് രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്. രജിസ്ട്രേഷനു ശേഷം 11 a.m. ന് എഴുത്തു പരീക്ഷ/പ്രായോഗിക പരീക്ഷ എന്നിവയിൽ പങ്കെടുക്കുന്നതിനായി ഉദ്യോഗാർത്ഥികൾ കൃത്യസമയത്ത് താഴെ പറയുന്ന രേഖകൾ സഹിതം ഹാജരാകേണ്ടതാണ്.**

(a) ബയോഡാറ്റാ, പ്രായം, വിദ്യാഭ്യാസ യോഗ്യത, മേൽവിലാസം, പ്രവർത്തി പരിചയം തുടങ്ങിയവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റ്, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.
(b) എംപ്ലോയ്മെന്റ് കാർഡ്.
(c) മുന്നോക്ക വിഭാഗത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾ സംവരണാനുകൂല്യം ലഭിക്കണമെങ്കിൽ വില്ലേജ് ഓഫീസറിൽ താഴെയല്ലാത്ത റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ്.
(d) (d) SC/ST വിഭാഗത്തിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾ ജാതി തെളിയിക്കുന്ന സർട്ടി ഫിക്കറ്റും മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിയമനം റദ്ദാക്കുന്നതാണ്.

**<u>എഴുത്തു പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ മാർക്ക് വിവരം ചുവടെ ചേർക്കുന്നു.</u>**

| | | |
|---|---|---|
| ആകെ മാർക്ക് | - | 75 |
| എഴുത്തു പരീക്ഷ/പ്രായോഗിക പരീക്ഷ | - | 50 |
| ഇന്റർവ്യൂ | - | 25 |

എഴുത്തു പരീക്ഷ, പ്രായോഗിക പരീക്ഷ എന്നിവയിൽ 25 മാർക്കിൽ കുറവ് മാർക്ക് ലഭിക്കുന്നവർ ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടുന്നതല്ല.

ടെസ്റ്റ്/ഇന്റർവ്യൂവിന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ സ്വന്തം ചെലവിൽ എത്തേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്കു യാത്രാബത്ത അനുവദനീയമല്ല.

Sd/-
ഡയറക്ടർ